II ഇ.ബി. XIII- കേരള നിയമസഭ/XV-10

# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ഡിസംബർ 16, ബുധൻ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. പാലോട് രവിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

23 ( *271 & *299)

ബഹുനില മന്ദിരങ്ങൾക്ക് അനുമതി

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, കേരള മുനിസിപ്പൽ/പഞ്ചായത്ത് കെട്ടിട നിർമ്മാണ

ചട്ടങ്ങൾക്കനുസൃതമായി നഗരസഭ/ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നതെന്നും പ്രസ്തുത ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടില്ലെന്നും സഭയെ അറിയിച്ചു. ഫയർ/ഡിഫൻസ്/റെയിൽവേ/പരിസ്ഥിതി വകുപ്പുകൾ, എയർപോർട്ട് അതോറിറ്റി, ആർട്ട് & ഹെറിറ്റേജ് കമ്മീഷൻ എന്നിവയുടെ എൻ.ഒ.സി.-കളുടെയും ഉടമസ്ഥൻ സമർപ്പിക്കുന്ന പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിലാണ് വാസയോഗ്യമായ കെട്ടിടങ്ങൾക്ക് അന്തിമാനുമതി നൽകുന്നത്. നാഷണൽ ബിൽഡിംഗ് കോഡ് കെട്ടിട നിർമ്മാണത്തിനുള്ള മാർഗ്ഗരേഖ മാത്രമായതിനാൽ കേരള മുനിസിപ്പൽ/പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലെ വ്യവസ്ഥകൾ അനുവർത്തിച്ചാൽ മതിയെന്ന് ഉത്തരവായിട്ടുണ്ട്. ഫയർ ആന്റ് റസ്ക്യൂ സർവ്വീസസിന്റെ എൻ.ഒ.സി. ലഭിക്കുന്നതിനായി സമർപ്പിച്ച 46 അപേക്ഷകൾ താത്കാലികമായി നിരസിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നുണ്ടെന്നും സുരക്ഷാ സംവിധാനമുള്ള 50 കെട്ടിടങ്ങൾ റഗുലറൈസ് ചെയ്ത് നൽകിയതിലൂടെ 3.4 കോടി രൂപ പിഴയായി ഈടാക്കിയിട്ടുണ്ടെന്നും ഓൺലൈൻ സംവിധാനത്തിലൂടെ 45000 ബിൽഡിംഗ് പെർമിറ്റുകൾ നൽകിയിട്ടുണ്ടെന്നും പൈതൃകം നിലനിർത്തിക്കൊണ്ടുള്ള കെട്ടിട നിർമ്മാണം വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും സി.ആർ.ഇസഡ്. മേഖലയിൽ താത്കാലിക വീട്ടുനമ്പർ നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

24(*272) <u>ന്യൂട്രിമിക്സ് പാക്കറ്റ് വിതരണം</u>

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) നൽകിയ മറുപടിയിൽ, അംഗൻവാടികൾക്ക് പ്രതിമാസം 23.4 ലക്ഷത്തോളം ന്യൂട്രിമിക്സ് പാക്കറ്റുകൾ കുടുംബശ്രീ മുഖേന വിതരണം ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പാക്കറ്റ് ഒന്നിന് 1.40 പൈസ മുതൽ 1.70 പൈസ വരെ ചെലവാക്കി സ്വകാര്യ ഏജൻസികളിൽ നിന്നാണ് ജില്ലാ ന്യൂട്രിമിക്സ് കൺസോർഷ്യം പ്രസ്തുത പാക്കറ്റുകൾ വാങ്ങുന്നത്. കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള പാക്കറ്റുകൾ വാങ്ങണമെന്ന് കൺസോർഷ്യത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അംഗൻവാടികളിലെ പോഷകാഹാര വിതരണം വിജയകരമായി നടന്നുവരികയാണെന്നും സ്കൂളുകളിലെ കുട്ടികളുടെ അളവും തൂക്കവും നിരീക്ഷിക്കുന്നതിനുള്ള ന്യൂട്രീഷ്യൻ പോളിസിക്ക് രൂപം നൽകിയിട്ടുണ്ടെന്നും അംഗൻവാടികളെ പ്രീ-പ്രൈമറി തലത്തിലേയ്ക്ക് ഉയർത്തേണ്ടതുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3203 മുതൽ 3499 വരെയുള്ള ചോദ്യങ്ങളിൽ 71 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)